യു.പി

കൂട

കളികൾ



# പ്രവർത്തനം 5

# നൂറിലേക്കോട്ടം

*(സ്കൂൾ തുറക്കുന്ന സാഹചര്യം പരിഗണിച്ചാണ് ഈ കളി രൂപപ്പെടുത്തിയത്.)*

വീട്ടിലോ ക്ലാസ് മുറിയിലോ പുറത്തോ കളിക്കാവുന്ന ഒരു കളിയാണ് ഇത്. എത്ര പേർക്കു വേണമെങ്കിലും ഈ കളിയിൽ പങ്കെടുക്കാം. പക്ഷെ ഒരു സമയത്ത് രണ്ടു പേരാണ് കളിക്കുക എന്ന് മാത്രം. കളിക്കുന്നവർ ഒരേ പ്രായത്തിലുള്ളവർ ആയിരിക്കണം. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് വീട്ടിലും സ്കൂളിലും കളിക്കാം.

ക്ലാസ് മുറിയിലാണെങ്കിൽ മുറിയുടെ രണ്ടറ്റത്തായി രണ്ട് മേശയോ ഡെസ്കോ ഇടുക. പുറത്താണെങ്കിൽ 3 മീറ്റർ ദൂരെ മേശ ഇട്ടാൽ മതി. ഒരു മേശയുടെ രണ്ടറ്റത്തായി രണ്ട് പ്ലേറ്റുകൾ വക്കുക. ഈ മേശയിലാണ് കളി അവസാനിക്കുന്നത് (finishing point).

ഈ പ്രവർത്തനത്തിന്റെ വിശദീകരണ വീഡിയോ കാണാം



അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം

വിജ്ഞാനോത്സവം



യു.പി

കൂട

കളികൾ



# പ്രവർത്തനം 5

ഇനി തുടങ്ങുന്ന മേശയുടെ രണ്ടറ്റത്തായി കളിക്കുന്ന രണ്ടു കുട്ടികൾ നിൽക്കണം (Starting point). കളിക്ക് 3 ഘട്ടങ്ങളുണ്ട്

## ഒന്നാം ഘട്ടം – ഒറ്റകൊണ്ടോട്ടം



തുടങ്ങുന്ന മേശയുടെ രണ്ടറ്റത്തും ഒരേ നീളമുള്ള 9 ഈർക്കിലുകൾ വീതം വച്ചിട്ടുണ്ട്. ഫെസിലിറ്റേറ്റർ 0 മുതൽ 9 വരെയുള്ള ഏതെങ്കിലും ഒരു സംഖ്യ വിളിച്ച പറയുക. അത് കേട്ട ഉടനെ അത്രയും എണ്ണം ഈർക്കിൽ എടുത്ത് ഓടിപോയി മറ്റേ മേശപ്പുറത്തെ പ്ലേറ്റിൽ വക്കുക. ആരാണ് ആദ്യം കൃത്യ എണ്ണം ഈർക്കിലുകൾ പ്ലേറ്റിൽ എത്തിക്കുക ? ഇനി അടുത്ത രണ്ടു പേർക്ക് കളിക്കാം.

യു.പി

കൂട

കളികൾ

# പ്രവർത്തനം 5

## രണ്ടാം ഘട്ടം – പത്തിലേക്കോട്ടം

ഈ ഘട്ടത്തിൽ അവസാനിക്കുന്ന മേശയിൽ ഈർക്കിലിന്റെ അതേ നീളമുള്ള എന്നാൽ 10 ഈർക്കിലുകൾ കൂട്ടിപ്പിടിക്കുന്ന കനമുള്ള 9 കമ്പുകളുടെ രണ്ട് സെറ്റ് കൂടി വക്കണം. ഇപ്രാവശ്യം ഒരു രണ്ടക്ക സംഖ്യയാണ് പറയേണ്ടത്. 62 ആണ് പറയുന്നതെങ്കിൽ അറുപത്തി .... എന്ന് പറഞ്ഞ് കുറച്ച് സമയം നിർത്തിയിട്ട് രണ്ട് എന്ന് പറയണം. പറഞ്ഞു തീരുമ്പോൾ തുടക്ക മേശയിൽ നിന്ന് 2 ഈർക്കിൽ എടുത്ത് ഓടി വന്ന് അവസാന മേശയിൽ നിന്ന് 6 കമ്പ് കൂടി എടുത്ത് പ്ലേറ്റിൽ ഇടണം. കളി മുമ്പ് പറഞ്ഞതു പോലെ തന്നെ.



അറിയാം നിറയാം ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



## ഘട്ടം 3 – നൂറിലേക്കോട്ടം

ഇപ്പോൾ അവസാന മേശയിലുള്ള പത്തിന്റെ കമ്പുകൾ കൂടി തുടക്ക മേശയിലേക്ക് മാറ്റണം. അവസാന മേശയിൽ പത്തിന്റെ 10 കമ്പുകൾ കൂട്ടിവക്കുന്ന കനമുള്ള അതേ നീളമുള്ള നൂറിന്റെ 9 കമ്പുകളുടെ രണ്ട് സെറ്റ് കൂടി വക്കണം. പറയേണ്ടത് 3 അക്ക സംഖ്യ. കളിക്കുന്ന രീതി മുൻപ് വിവരിച്ചതു പോലെ.

